**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **11-09-2023 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ, നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതി 01.11.2022 ൽ ആരംഭിച്ചിട്ടുണ്ട്. 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വെ ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.<br><br>ഡിജിറ്റൽ സർവ്വെ പദ്ധതിയ്ക്കായി 1500 സർവ്വെയർമാരെയും, 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും നിയമനം നടത്തിയിട്ടുള്ളതുമാണ്. ആധുനിക സർവ്വെ ഉപകരണങ്ങളായ Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK), Robotic ETS, Tablet PC എന്നിവ ഉപയോഗിച്ചാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതിയിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭയും, സർവ്വെ ജാഗ്രതാ സമിതിയും സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പർ നൽകിയിട്ടുള്ളതും ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | റീസർവ്വെ നടപടികൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുള്ളതും, സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.<br><br>ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുള്ള റീസർവ്വെ പ്രകാരം ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും പ്രാധാന്യം അനുസരിച്ച് തിരഞ്ഞെടുത്ത 200 വില്ലേജുകൾ വീതം ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുകയും അത്തരത്തിൽ 4 വർഷം കൊണ്ട് 1550 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുകയുമാണ് ലക്ഷ്യം. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിൽ പൂർത്തീകരണ പുരോഗതി വിലയിരുത്താനാകില്ല. |
| (സി) | റീസർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിലെ അപാകതകൾ സംബന്ധിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; | (സി) | റീസർവ്വെ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിനായി റിക്കാർഡുകൾ കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വെ അപാകത സംബന്ധിച്ച് ലഭിച്ച പരാതികൾ ഏറിയ പങ്കും പരിഹരിച്ചിട്ടുള്ളതാണ്. നിലവിൽ ലഭ്യമായ സർവ്വെയർമാരുടെ സേവനം പ്രയോജനപ്പെടുത്തി അപേക്ഷകളുടെ മുൻഗണന ക്രമത്തിൽ പരാതിക്ക് ഇടവരാത്തവിധം ടി പരാതികൾ പരിഹരിച്ചുവരുന്നു. |
| (ഡി) | റീസർവ്വേ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ഡ്രൈവിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (ഡി) | റീസർവ്വെ അപാകതകൾ പരിഹരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. റീസർവ്വെ അപാകത സംബന്ധിച്ച് സംസ്ഥാനത്താകെ 700345 പരാതികൾ ലഭിച്ചതിൽ 557240 പരാതികൾ |

| | | | |
|---|---|---|---|
| | | | പരിഹരിച്ചിട്ടുള്ളതും, 143105 പരാതികൾ പരിഹരിക്കുവാൻ ശേഷിക്കുന്നതുമാണ്. |
| (ഇ) | റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ആധുനിക സാങ്കേതിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി കൃത്യതയോടും, സമയബന്ധിതമായും ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുന്നതിന് ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ